FRIDAY 16-12-2022 വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor : Sreekala S

Editor : Dr. Saritha Vijayan K

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/12/2022.

1. ക്ഷീരവികസന വകുപ്പ് നെടുമങ്ങാട് ബ്ലോക്കിലെ കൊഞ്ചിറ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തിരുവനന്തപുരം ജില്ലാ ക്ഷീര കർഷക സംഗമം 2022-23 കന്യാകുളങ്ങര, ഗ്രാന്റ് ആഡിറ്റോറിയത്തിൽ വച്ച് **ഡിസംബർ 20, 21** തീയതികളിൽ നടത്തുന്നു. **ഡിസംബർ 20**-ന് നടക്കുന്ന ക്ഷീരസഹകരണ സെമിനാർ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. 21-ന് ക്ഷീരസംഗമം ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു മുഖ്യാതിഥി ആയിരിക്കും.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയ്പ്പ സംസ്ഥാനത്ത് 2022 നവംബർ 15 മുതൽ ഡിസംബർ 8 വരെയുള്ള കാലയളവിൽ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാക്സിനേഷൻ കാലയളവ് ഒൻപത് പ്രവർത്തി ദിവസങ്ങൾ കൂടി ദീർഘിപ്പിച്ച് **ഡിസംബർ 20** വരെ നടത്തുന്നതാണ്. എൽ എസ് ഡി വ്യാപനമുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ഇനി വാക്സിനേറ്റ് ചെയ്യാനുള്ള ഉരുക്കൾക്കു എഫ്.എം.ഡി വാക്സിനോടൊപ്പം എൽ എസ് ഡി വാക്സിനേഷൻ കൂടി നൽകേണ്ടതാണ്. കൂടാതെ എല്ലാ ജില്ലകളിലും എൽ എസ് ഡി ഔട്ട് ബ്രേക്ക് ഉള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പതിവുപോലെ റിംഗ് വാക്സിനേഷൻ നടത്തുന്നതാണെന്നും കുടപ്പനക്കുന്ന് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് കോർഡിനേറ്റർ അറിയിച്ചു.

3. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പറുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർക്ക് ഓൺലൈനായും (www.pmfby.gov.in), ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും, നികുതിച്ചീട്ട്/ പാട്ടച്ചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷുർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി / പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. റാബി 2022-ൽ പ്രധാനമന്ത്രി ഫസൽ ബീമ യോജനയിലും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി **ഡിസംബർ 31** (31/12/2022) ആണ്.

5. സർക്കാർ പൊതുമേഖല സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ 45 മുതൽ 60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടകോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ **9495000923, 9495000913** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ, കൊട്ടിയം ഫാമിൽ നിന്ന് നേരിട്ട് കോഴികളെ വാങ്ങുകയോ ചെയ്യാവുന്നതാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

## പരിശീലന പരിപാടികൾ

6. വേങ്ങേരി അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് **കൂൺകൃഷി, ഉപഭോക്ത ബോധവത്ക്കരണം, മത്സ്യകൃഷി,അടുക്കളത്തോട്ട നിർമ്മാണം, കിഴങ്ങ് വർഗ്ഗ സംസ്ക്കരണം, തേനീച്ച കൃഷി, ചക്കയുടെ സംസ്ക്കരണം** തുടങ്ങിയ വിഷയങ്ങളിൽ **ഡിസംബർ**

**23 മുതൽ 30 വരെ** ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ള കർഷകർ **9846197067** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 20-ന് എരുമവളർത്തൽ, 22-ന് താറാവ് വളർത്തൽ, 28-ന് നായ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522708** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് ഡിസംബർ 19, 20 തീയതികളിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.30 മുതൽ 3 മണി വരെ **0479 2457778** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. വാഴയിൽ തടതുരപ്പൻ പുഴുവിന്റെ ആക്രമണം മൂലം വാഴത്തടയിലുള്ള ദ്വാരങ്ങളിലൂടെ നിറമില്ലാത്ത ജെല്ലി പോലുള്ള ദ്രാവകം ഊറി വരുന്നതായി കാണാം. ഇവയുടെ ആക്രമണം മൂലം വാഴക്കൈകൾ ഒടിഞ്ഞു തൂങ്ങുകയും വാഴക്കുലകൾ പാകമാകാതെ ഒടിഞ്ഞുവീഴാനും കാരണമാകുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി മൂന്ന് മുതൽ അഞ്ച് മാസം പ്രായമാകുമ്പോൾ ഇലപ്പോളകൾക്കിടയിൽ വേപ്പിൻ പിണ്ണാക്ക് 50 ഗ്രാം ഒരു വാഴയ്ക്ക് എന്ന തോതിൽ ഇട്ടു കൊടുക്കുക. ഉണങ്ങി തുടങ്ങുന്ന ഇലകൾ മുറിച്ചു മാറ്റുക. വാഴത്തടയിൽ ബ്യൂവേറിയ ബസിയാന പുരട്ടി കെണി വയ്ക്കുക അല്ലെങ്കിൽ ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചു കൊടുക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്വിനാൽഫോസ് രണ്ടു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലക്കവിളുകളിൽ വീഴത്തക്കവിധം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം